**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 498** **24-08-2022 - ൽ മറുപടിയ്ക്ക്**

**ഇന്ധനം/പാചകവാതകം എന്നിവയുടെ വിലവർദ്ധനവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഇന്ധനം, പാചകവാതകം എന്നീ നിത്യോപയോഗ സാധനങ്ങൾക്ക് ഈ സർക്കാർ കാലയളവിൽ കേന്ദ്ര സർക്കാർ എത്ര പ്രാവശ്യം വിലവർദ്ധിപ്പിച്ചെന്നും അതുമൂലമുണ്ടായ വിലവർദ്ധനവ് എത്ര എന്നും വ്യക്തമാക്കുമോ; | (എ) | 1.6.2021 മുതൽ 31.07.2022 വരെ പെട്രോളിന് 67 തവണയും ഡീസലിന് 66 തവണയും വില വർദ്ധിച്ചിട്ടുണ്ട്. 1.06.2021 മുതൽ 19.5.2022 വരെ ഗാർഹിക പാചകവാതകത്തിന് 7 തവണയും വാണിജ്യ പാചകവാതകത്തിന് 10 തവണയും വില വർദ്ധിച്ചിട്ടുണ്ട്. ഈ കാലയളവിൽ പെട്രോൾ, ഡീസൽ എന്നിവയുടെ റീട്ടെയിൽ വിലയിലുണ്ടായ വർദ്ധനവ് സംബന്ധിച്ച വിശദാംശവും തിരുവനന്തപുരം മാർക്കറ്റിൽ 1.05.2021, 20.08.2022 എന്നീ തീയതികളിലെ ഗാർഹിക പാചക വാതകത്തിന്റെ റീട്ടെയിൽ സെയിൽസ് പ്രൈസും ടി കാലയളവിൽ ഉണ്ടായ വിലവർദ്ധനവും അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഇത്തരം വിലവർദ്ധനവ് വഴി കേന്ദ്ര സർക്കാരിന് ലഭ്യമാകുന്ന നികുതി എത്രയെന്നും അന്താരാഷ്ട്ര മാർക്കറ്റിൽ വില കുറയുമ്പോൾ കേന്ദ്രം വിലകുറയ്ക്കാത്തതു വഴി അവർ നേടിയെടുക്കുന്ന അധിക വരുമാനം എത്ര എന്നും പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (ബി) | വിലവർദ്ധനവ് വഴി കേന്ദ്ര സർക്കാരിന് ലഭ്യമാകുന്ന നികുതി എത്ര എന്നും അന്താരാഷ്ട്ര മാർക്കറ്റിൽ വില കുറയുമ്പോൾ കേന്ദ്രം വിലകുറയ്ക്കാത്തതു വഴി അവർ നേടിയെടുക്കുന്ന അധിക വരുമാനം എത്ര എന്നുമുള്ള വിശദാംശം സംസ്ഥാന സർക്കാരിൽ ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## ഇന്ധന വിലവർദ്ധന

| | റീട്ടെയിൽ വില 01-06-2021 ന് | റീട്ടെയിൽ വില 31-07-2022 ന് | വില വർദ്ധനവ് |
|---|---|---|---|
| പെട്രോൾ | 94.59 രൂപ | 105.59 രൂപ | 11.62% |
| ഡീസൽ | 89.98 രൂപ | 94.53 രൂപ | 5.05% |

## പാചക വാതക വിലവർദ്ധന

| തിരുവനന്തപുരം മാർക്കറ്റിലെ ചില്ലറ വില്പന വില | ഗാർഹിക പാചകവാതകം (14.2 kg) |
|---|---|
| 01.05.2021 പ്രകാരം | Rs. 818.50/- per Cyl |
| 20.08.2022 പ്രകാരം | Rs. 1062/- per Cyl |
| 01.05.2021 മുതൽ ചില്ലറ വില്പനയിലുണ്ടായ വർദ്ധനവ് | Rs. 243.50 per Cyl |

**സെക്ഷൻ ഓഫീസർ**